ടാറ്റായും വേദാന്തയും ജിൻഡാലും
എസ്സാറും അടക്കമുള്ള ഇന്ത്യയിലെ
ഖനനപ്രഭുക്കന്മാരുടെ സാഹിത്യപ്രേമത്തിന്
പിന്നിലെ കോർപറേറ്റ് സൗമനസ്യത്തിന്റെ
കുതന്ത്രങ്ങൾ വിശദീകരിക്കുന്നു

**അരുന്ധതി റോയ്**

# മുതലാളിത്തം ഒരു പ്രേതകഥ

നാലാമത് അനുരാധ ഘാണ്ടി അനുസ്മരണത്തിന്റെ ഭാഗമായി 2012 ഫെബ്രുവരി 20ന് അരുന്ധതി റോയ് മുംബെയിൽ നടത്തിയ പ്രഭാഷണം. ഔട്ട്ലുക്ക് മാഗസിൻ പ്രസിദ്ധീകരിച്ച പ്രഭാഷണത്തിന്റെ സമ്പൂർണ്ണ പരിഭാഷ

**പരിഭാഷ: കാര്യാടൻ**

(കഴിഞ്ഞലക്കം തുടർച്ച)

**വേറെയും** പ്രദേശങ്ങളുണ്ട് ഇന്ത്യയിൽ. പട്ടാളസാന്ദ്രമായ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ ജനസാന്ദ്രതയില്ലാത്ത അരുണാചൽ പ്രദേശിൽനിന്ന് നമുക്ക് വാർത്തകളൊന്നും കിട്ടില്ല. അവിടെ 168 ഡാമുകൾ പണിതുകൊണ്ടിരിക്കുകയാണ്. അധികവും സ്വകാര്യമേഖലയിലുള്ളത്. ഒരു മുഴുവൻ ജില്ലയേയും വെള്ളത്തിലാഴ്ത്തിക്കളയുന്ന വൻഡാമുകളാണ് മണിപ്പൂരിലും കാശ്മീരിലും ഉയരുന്നത്. വൈദ്യുതിയില്ലെന്ന് പരാതിപ്പെട്ടാൽ കൊല്ലപ്പെടുന്ന (ആഴ്ചകൾക്ക് മുമ്പ് കാശ്മീരിൽ അതാണുണ്ടായത്) പട്ടാളവത്കൃതപ്രദേശങ്ങളാണിവ. അവർക്കെങ്ങിനെ ഡാം നിർമ്മാണം തടയാനാവും?

ഇത്തരം ഡാമുകളിൽ ഏറ്റവും അസംബന്ധമായ ഒന്നാണ് ഗുജറാത്തിലെ കൽപാഡർ. 34 കിലോമീറ്റർ നീളമുള്ള ഈ ഡാം ഖംപാട്ട് ഉൾക്കടലിന് കുറുകെ പണിയുമ്പോൾ മുകളിലൂടെ 10 നിരകളുള്ള രാജവീഥിയും റെയിൽവേ ലയിനുമുണ്ടാവും! കടൽ വെള്ളത്തിനെ പുറത്താക്കി ഗുജറാത്ത് നദികളിലെ ശുദ്ധജലം നിറക്കലാണ് ലക്ഷ്യം. (ഈ നദികളിലൂടെ ഒഴുകുന്നത് ഫാക്ടറികളിൽനിന്ന് പുറന്തള്ളപ്പെടുന്ന മലിനജലമാണെന്നുള്ളത് മറന്ന് കളയുക). നൂറ് കണക്കിന് കിലോമീറ്റർ കടൽത്തീരത്തെ ജൈവസന്തുലിതാവസ്ഥയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പത്ത് കൊല്ലം മുമ്പ് തള്ളിക്കളഞ്ഞ പദ്ധതിയാണ് കൽപാഡർ ഡാം. ധോളറയിലെ പ്രത്യേക നിക്ഷേപ മേഖലയുടെ (SIZ) ശമിക്കാത്ത ദാഹം തീർക്കലാണ് ഈ ഡാമിന്റെ ഉദ്ദേശം. ഗുജറാത്തിലെ നഗരങ്ങളെ പ്രത്യേക നിക്ഷേപ മേഖലയുമായി ബന്ധിപ്പിക്കാൻ 10 വരികളുള്ള രാജപാതയും എവിടെനിന്നാണ് ഇതിനൊക്കെയുള്ള പണം?

100 രാജ്യങ്ങളിൽനിന്നുള്ള 10,000 സംരംഭകരെ 2011 ജനുവരിയിൽ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡി അഭിസംബോധന ചെയ്തു. പത്രവാർത്തകളനുസരിച്ച് 450 ശതകോടി ഡോളറിനുള്ള സംരംഭങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടു. 2002 ഫെബ്രുവരി/മാർച്ചിൽ 2000 മുസ്ലിങ്ങൾ കശാപ്പു ചെയ്യപ്പെട്ടതിന്റെ പത്താം വാർ

ഷികത്തിനാണ് ഇങ്ങനെയൊരു സമ്മേളനവും പ്രഖ്യാപനവും ഗുജറാത്തിലെ മഹാത്മാ മന്ദിറിൽ നടന്നത്. പ്രേരണാകുറ്റമല്ല മോഡിക്കെതിരെ ആരോപിക്കപ്പെട്ടിരിക്കുന്നത്, കുറ്റകൃത്യത്തിൽ നേരിട്ട് പങ്ക് ചേരലാണ്. പ്രിയപ്പെട്ടവർ കൺമുന്നിൽ വെച്ച് ബലാത്സംഗം ചെയ്യപ്പെടുന്നത് കാണേണ്ടിവന്നവർ, തലയറുത്തും ജീവനോടെ തീയിലിട്ടും കൊലചെയ്യപ്പെടുന്നത് കാണേണ്ടിവന്നവർ, സ്വന്തം വീടുകളിൽ നിന്ന് ആട്ടിയോടിക്കപ്പെട്ട പതിനായിരങ്ങൾ – നീതിക്ക് വേണ്ടി ഒരു ചെറുവിരലനക്കം കാത്ത് കഴിയുകയാണവർ. അപ്പോഴാണ് മോഡി അയാളുടെ കാവി ഉത്തരീയവും തിളങ്ങുന്ന നെറ്റിത്തടവും ഒരു പുതുപുത്തൻ അംഗവസ്ത്രത്തിനും 450 ശതകോടി



പ്രമുഖ അമേരിക്കൻ മാധ്യമ ഉടമസ്ഥയും ടോക് ഷോ അവതാരകയുമായ ഓപ്രവിൻഫ്രെ ജെയ്പൂർ ലിറ്ററി ഫെസ്റ്റിവൽ വേദിയിൽ

**മർക്കടമുഷ്ടി കൊണ്ട് മാത്രം കാര്യങ്ങൾ നടത്താനാവില്ലെന്നറിയാൻ മാത്രമുള്ള അനുഭവപാഠങ്ങൾ പട്ടാളത്തിനുണ്ട്. ഇന്ത്യയുടെ വിധാതാക്കളുടെ പരിപാടികൾ നടപ്പാക്കണമെങ്കിൽ മറ്റ് വഴികൾ നോക്കണം. പാവങ്ങൾക്കെതിരെയുള്ള യുദ്ധം അങ്ങിനെ നടക്കും. മറ്റുള്ളവർക്ക് – ഇടത്തരക്കാർക്കും മേലഴുക്കാക്കേണ്ടാത്ത ഉദ്യോഗസ്ഥർക്കും ബുദ്ധിജീവികൾക്കും – അതായത് കാര്യങ്ങൾ തീരുമാനിക്കുന്നവർക്ക് വേണ്ടിയുള്ള വഴിമരുന്നാണ് ബൗദ്ധിക കാര്യസ്ഥത (perception management)**

ഡോളറിന്റെ ചോരപ്പണം, കണക്കുകൾ മുടിക്കാൻ ഉതകുമെന്ന പ്രതീക്ഷയ്ക്കും കൈമാറുന്നത്. ഒരു പക്ഷെ അത് നടക്കും. വൻവ്യവസായികൾ അയാളുടെ പുറകിൽ അണിനിരന്നിട്ടുണ്ട്. മഹാനീതി (infinite justice)യുടെ ആൾജിബ്ര നിഗൂഢമായാണ് ഉരുത്തിരിയുക. ധോളറ പ്രത്യേക നിക്ഷേപ മേഖല ഒരു ചെറിയ മട്ര്യോഷ്ക (matryoshka) പാവ മാത്രമാണ്. അതിനെ ഉൾക്കൊള്ളുന്ന വലിയ പാവകളനവധി അവതരിക്കാനിരിക്കുന്നേയുള്ളു, മർദ്ദിതരുടെയും ചൂഷകരുടെയും രോഗാതുരരുടെയും പാർശ്വവത്കൃതരുടെയും സമൂഹത്തിലേക്കുള്ള (dystopia) ഒരു ചെറുകരുനീക്കം. ദില്ലി- മുംബൈ വ്യവസായ ഇടനാഴി (DMIC) യുമായി അത് ബന്ധിപ്പിക്കപ്പെടും. ഒമ്പത് കേമൻ വ്യവസായമേഖലകളും ധൃതവേഗ ചരക്ക് നീക്ക സൗകര്യങ്ങളും മൂന്ന് തുറമുഖങ്ങളും ആറ് എയർപോർട്ടുകളും 4000 മെഗാവാൾട്ട് വൈദ്യുതനിലയവുമുള്ള, 1500 കി. മീ നീളവും 300 കി. മീ. വീതിയുമുള്ള വ്യവസായ ഇടനാഴിയുമായി ധോളറ പ്രത്യേക നിക്ഷേപ മേഖല സംയോജിപ്പിക്കും. മക്കിൻഡേ ഗ്ലോബൻ ഇൻസ്റ്റിട്യൂട്ടിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഇന്ത്യയുടേയും ജപ്പാന്റേയും സർക്കാരുകളുടെ കൂട്ട് പ്രസ്ഥാനമാണ് ദില്ലി- മുംബൈ വ്യവസായ ഇടനാഴി (DMIC).

DMIC യുടെ വെബ്സൈറ്റ് പറയുന്നതനുസരിച്ച് 180 ദശലക്ഷം ജനങ്ങളെ ഈ പ്രസ്ഥാനം പ്രതികൂലമായി ബാധിക്കും. 'എങ്ങനെ' യെന്ന് അവർ പറയുന്നില്ല. അനേകം പുതിയ നഗരങ്ങൾ അവർ വിഭാവനം ചെയ്യുന്നു. 231 ദശലക്ഷം ജനങ്ങളിൽനിന്ന് 314 ദശലക്ഷം ജനങ്ങളായി ഈ പ്രദേശത്ത് ജനസാന്ദ്രത കൂടുമത്രേ! ഏതെങ്കിലും ഒരു ഏകാധിപതിക്ക് ഇത്രയേറെ ജനങ്ങളുടെ വേരറുത്ത് മാറ്റിനടാൻ ഇതിന് മുമ്പ് കഴിഞ്ഞിട്ടുണ്ടോ? ഇതൊരു സമാധാനപരമായ മാറ്റമായിരിക്കുമോ?

ഇന്ത്യൻ പട്ടാളത്തിന് ഇനിയും ആളെ കൂട്ടേണ്ടിയിരിക്കുന്നു. ഈ പ്രദേശത്തൊക്കെ വിന്യസിക്കണ്ടേ? മധ്യ ഇന്ത്യയിലെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ട് പട്ടാളത്തിന്റെ മനഃശാസ്ത്രപ്രയോഗങ്ങളുടെ കരടു രേഖ അവർ പുറത്ത് വിട്ടുകഴിഞ്ഞു. "നിർദ്ദിഷ്ഠ ജനവിഭാഗങ്ങളെ സ്വാധീനിച്ച്, നിർദ്ദിഷ്ഠ പരിപാടികൾ ഇടത്തരക്കാരെക്കൊണ്ടും മേലഴുക്കാക്കേണ്ടാത്ത ഉദ്യോഗസ്ഥരെകൊണ്ടും (white collar workers) ബുദ്ധിജീവികളെ കൊണ്ടും പട്ടാള രാഷ്ട്രീയ ലക്ഷ്യങ്ങൾ സുഗമമായി അംഗീകരിപ്പിക്കാനുള്ള പദ്ധതി" തങ്ങളുടെ സ്വാധീനത്തിലുള്ള മാദ്ധ്യമങ്ങൾ വഴി നടപ്പിലാക്കുന്ന 'ബൗദ്ധിക കാര്യസ്ഥത' (perception management) ഉടനെ ആരംഭിക്കും.

മർക്കടമുഷ്ടി കൊണ്ട് മാത്രം കാര്യങ്ങൾ നടത്താനാവില്ലെന്നറിയാൻ മാത്രമുള്ള അനുഭവപാഠങ്ങൾ പട്ടാളത്തിനുണ്ട്. ഇന്ത്യയുടെ വിധാതാക്കളുടെ പരിപാടികൾ നടപ്പാക്കണമെങ്കിൽ മറ്റ് വഴികൾ നോക്കണം. പാവങ്ങൾക്കെതിരെയുള്ള യുദ്ധം അങ്ങിനെ നടക്കും. മറ്റുള്ളവർക്ക് – ഇടത്തരക്കാർക്കും മേലഴുക്കാക്കേണ്ടാത്ത ഉദ്യോഗസ്ഥർക്കും ബുദ്ധിജീവികൾക്കും – അതായത് കാര്യങ്ങൾ തീരുമാനിക്കുന്ന

വർക്ക് വേണ്ടിയുള്ള വഴിമരുന്നാണ് ബൗദ്ധിക കാര്യസ്ഥത (perception management). ഇവിടെ നമ്മുടെ ശ്രദ്ധ കോർപ്പറേറ്റ് ഭരണരീതിയിലെ കാരുണ്യപ്രവർത്തന തന്ത്രങ്ങളിലേക്ക് തിരിയേണ്ടിയിരിക്കുന്നു.

ഈയിടെയായി ഖനന പ്രഭുക്കൾക്ക് കലയോടും സിനിമയോടും സാഹിത്യ ഉത്സവങ്ങളോടുമാണ് ഭ്രമം, പണ്ടത്തെപ്പോലെ സൗന്ദര്യമത്സരങ്ങളോടല്ല. ബോക്സൈറ്റിനു വേണ്ടി 'ഡോംക്രിയ കോന്ത്' ആദിവാസികളുടെ ഹൃദയഭൂമി ഖനനം ചെയ്യുന്ന വേദാന്ത, സിനിമ പഠിക്കുന്ന യുവാക്കൾക്കായി, 'ആനന്ദം സൃഷ്ടിക്കുന്നു'(creating happiness) എന്ന പേരിൽ സുസ്ഥിര വികസനം എന്ന വിഷയത്തെ ആസ്പദമാക്കി ചലച്ചിത്ര നിർമ്മാണ മത്സരം നടത്തി. 'ആനന്ദം ഖനനം ചെയ്യുന്നു' (mining happiness) എന്നാണ് വേദാന്തയുടെ പരസ്യവാചകം. ജിന്താൽ, രാജ്യത്തെ ശില്പികൾക്കായി (പ്രത്യേകിച്ച് സ്റ്റെയിൻലസ് സ്റ്റീലിൽ ശില്പങ്ങളുണ്ടാക്കുന്നവർക്കായി) ഒരു മാസിക തുടങ്ങി. ആർകിടെക്റ്റ് ഫ്രാങ്ക് ഗെഗ്റി അടക്കമുള്ള ലോകപ്രശസ്തരായ ചിന്തകരും എഴുത്തുകാരും കലാപകാരികളും പങ്കെടുത്ത 'തെഹൽക്ക - ന്യൂസ്‌വീക്ക് തിങ്ക് ഫെസ്റ്റ്' സംഘടിപ്പിച്ച സ്പോൺസർമാരിൽ പ്രധാനികൾ എസ്സാർ ആയിരുന്നു. (ഇതൊക്കെ നടന്നത് അനധികൃതഖനനം പൊടിപൊടിക്കുന്ന ഗോവയിൽ എസ്സാറിന്റെ പങ്ക് തെളിഞ്ഞുവന്നുകൊണ്ടിരിക്കെയാണ്). ജയ്പൂർ ലിറ്ററി ഫെസ്റ്റിവലിന്റെ പുറകിൽ ടാറ്റ സ്റ്റീലും 'റിയോ ടിന്റോ'യുമായിരുന്നു. പ്രണയം, സാഹിത്യം, രാഷ്ട്രീയം, സൂഫി കവിത തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് സംസാരിക്കാൻ ലോകത്തിലെ തന്നെ കേമന്മാരായ എഴുത്തുകാർ ഈ മേളയിൽ വന്നുനിരന്നു. 'ചെകുത്താന്റെ വചനങ്ങ'ളിലെ ഉദ്ധരണികൾ നിരത്തിക്കൊണ്ട്, സൽമാൻ റുഷ്ദിയുടെ അഭിപ്രായസ്വാതന്ത്ര്യത്തെ ന്യായീകരിക്കാനും ആളുണ്ടായി. എല്ലാ പത്ര ഫോട്ടോകളിലും ടിവി ദൃശ്യങ്ങളിലും, വിശാലഹൃദയരും ഉദാരരുമായ ആതിഥേയർക്ക് പിന്നിൽ ടാറ്റാ സ്റ്റീലിന്റെ പരസ്യം പ്രത്യക്ഷപ്പെട്ടു ('ഉരുക്കിനേക്കാൾ ശക്തമായ ആദർശങ്ങൾ' - എന്ന് പരസ്യവാചകം). "അഭിപ്രായസ്വാതന്ത്ര്യത്തിന്റെ ശത്രുക്കളായ സംഘടിത-ഭീകര മുസ്ലീം ശക്തികൾ ഇവിടെ കൂടിയിരുന്ന സ്കൂൾ കുട്ടികളെ വരെ ദ്രോഹിക്കുമായിരുന്നു" എന്ന് സംഘാടകർ പറയുന്നു. (കഷ്ടം; ഇന്ത്യൻ സർക്കാരും പോലീസും സംഘടിത മുസ്ലിങ്ങളുടെ മുമ്പിൽ നിസ്സഹായരാവുന്നതിന് നാം സാക്ഷികളാണ്!). റുഷ്ദിയെ ക്ഷണിക്കുന്നതിനെതിരെ ദാറുൽ ഉലൂമിന്റെ നേതൃത്വത്തിൽ മുഷ്ടിചുരുട്ടി പ്രകടനം നടത്തിയിരുന്നു എന്നുള്ളത് ശരി. വേദി സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ ഒന്നും ചെയ്തുമില്ല. കാരണം ഇസ്ലാമിലെ കടുംപിടുത്തക്കാരിൽ നിന്നും സർക്കാരിനും രാഷ്ട്രീയകാർക്കും ഒരുപാട് നേട്ടങ്ങളുണ്ടാക്കേണ്ടിയിരുന്നു. ഉത്തർപ്രദേശ് തിരഞ്ഞെടുപ്പിന് വേണ്ടി വോട്ട് ബാങ്കുകൾ നിറക്കേണ്ടിയിരുന്നു. അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യത്തിനെതിരെ ഇസ്ലാമിസ്റ്റുകൾ നടത്തിയ 'ആക്രമണം' ലോക വാർത്താമാദ്ധ്യമങ്ങളിൽ നിറഞ്ഞുനിന്നു. അതങ്ങനെ നിറഞ്ഞ് നില്ക്കുകതന്നെ വേണമായിരുന്നു. പക്ഷേ, മേള നടത്തിപ്പിന്റെ സ്പോൺസർമാർക്ക് ദണ്ഡകാര്യണത്തിലെ യുദ്ധത്തിലും ശവശരീരങ്ങൾ കുന്നുകൂട്ടുന്നതിലും ജയിലുകൾ നിറയ്ക്കുന്നതിലുമുള്ള പങ്കിനെക്കുറിച്ച് വാർത്തകളൊന്നുമില്ല. ഛത്തീസ്ഗഡിലെ Unlawful Activities Prevention Act നെക്കുറിച്ചോ Special Public Security Act നെക്കുറിച്ചോ വാർത്തകളില്ല - സർക്കാരിനെതിരെ ചിന്തിക്കുന്നത് പോലും കടുത്ത കുറ്റകൃത്യമായി ഈ നിയമങ്ങൾ അനുശാസിച്ചിട്ടും. തദ്ദേശീയരുടെ ശക്തമായ പ്രതിഷേധം നിലനിൽക്കുന്ന, ലോഹന്തിഗുഡയിലെ ടാറ്റാസ്റ്റീൽ പ്ലാന്റിനെതിരെയുള്ള പൊതുതെളിവെടുപ്പ് മൈലുകൾക്കപ്പുറമുള്ള ജഗദാൽപ്പൂരിലെ കളക്ടറുടെ ഓഫീസിൽ, വാടകയ്ക്കെടുത്ത കേൾവിക്കാരുടെയും സായുധ ഭടന്മാരുടെയും സാന്നിധ്യത്തിൽ നടന്നതിനെക്കുറിച്ചും വാർത്തകളില്ല. അഭിപ്രായസ്വാതന്ത്ര്യം അപ്പോൾ എവിടെപ്പോയി? കലിംഗനഗറിനെക്കുറിച്ച് ആരും സ്പർശിച്ചുപോലുമില്ല. കാശ്മീരിലെ അജ്ഞാതശവകുടീരങ്ങളെക്കുറിച്ചും ശ്രീലങ്കയിലെ കൊടുംക്രൂരതകളെക്കുറിച്ചും അന്വേഷിക്കുന്ന പത്രപ്രവർത്തകരേയും സിനിമാനിർമ്മാതാക്കളെയും വിസ നിഷേധിച്ച് പുറത്താക്കുന്നതും അഭിപ്രായസ്വാതന്ത്ര്യത്തിനെതിരെയുള്ള നീക്കമായി ആരും വിലയിരുത്തിക്കണ്ടില്ല.

നമ്മൾ, പാപികളിൽ ആരാണ് ആദ്യത്തെ കല്ലെറിയുക? കോർപറേറ്റ് പ്രസിദ്ധീകരണശാലകൾ നൽകുന്ന റോയൽറ്റികൊണ്ട് ജീവിക്കുന്ന ഞാനല്ല. നമ്മുടെ ടാറ്റാ സ്കൈ കാണുന്നവർ, ടാറ്റാ ഫോട്ടോൺ കൊണ്ട് സർഫു ചെയ്യുന്നവർ, ടാറ്റയുടെ കാറിൽ യാത്ര ചെയ്യുന്നവർ, ടാറ്റയുടെ താജ് ഹോട്ടലിൽ താമസിക്കുന്നവർ, ടാറ്റയുടെ കപ്പിൽ ടാറ്റ സ്റ്റെയിൻലസ് സ്പൂൺ ഇളക്കി ടാറ്റാ ചായ നുണയുന്നവർ. ടാറ്റയുടെ പുസ്തകശാലകളിൽനിന്ന് ടാറ്റാ പുസ്തകങ്ങൾ വാങ്ങി വായിക്കുന്നവർ. ടാറ്റയുടെ ഉപ്പ് തിന്നുവർ. നാം അടിമകൾ.

ധാർമ്മിക വിശുദ്ധിയുടെ കൂടമാണ് കല്ലെറിയാനുള്ള അവകാശത്തിന്റെ മാനദണ്ഡമെങ്കിൽ, അതിനുള്ള ഏക അവകാശികൾ നിശ്ശബ്ദരാക്കപ്പെട്ടിരിക്കുന്നു. വ്യവസ്ഥയ്ക്ക് പുറത്ത് കഴിയുന്ന ദണ്ഡകാര്യണ്യത്തിലെ നിയമനിഷേധികളും അനീതികൾക്കെതിരെ ശബ്ദിക്കുന്നവരും പത്രത്താളുകളിൽ പ്രത്യക്ഷപ്പെടുന്നില്ല. ഒപ്പം കോടതികളിലൂടെ കയറിയിറങ്ങി, സാക്ഷി പറയുകയും മൊഴി നൽകുകയും ചെയ്യുന്ന മാന്യരായ കുടിയൊഴിപ്പിക്കപ്പെട്ടവരും.

എന്നാൽ സാഹിത്യോത്സവം നമുക്ക് ആഹ്ലാദമേകി. നാടകങ്ങളരങ്ങേറി. ഓപ്രവിൻഫ്രി വന്നെത്തി. ഇന്ത്യയെ സ്നേഹിക്കുന്നുവെന്നും ഇനിയും വരാമെന്നും അവൾ പറഞ്ഞു. നാം ധന്യരായി.

പൊറാട്ട് നാടകത്തിന്റെ ശുഭാന്ത്യമായിരുന്നു അത്.

സ്കോളർഷിപ്പുകൾ വിതരണംചെയ്തുകൊണ്ടും സ്കൂളുകളും ആശുപത്രികളും നടത്തിക്കൊണ്ടും കോർപറേറ്റ് സൗമനസ്യത്തിന്റെ വക്താക്കളായി ടാറ്റ കഴിഞ്ഞ ആറ് കൊല്ലമായി രംഗത്തുണ്ടെങ്കിലും മറ്റ് ഇന്ത്യൻ കോർപറേഷനുകൾ അടുത്തിടെയാണ് ഈ സ്റ്റാർ ചേംബറിലേക്ക് (camera stellata) ആനയിക്കപ്പെട്ടത്, എതിർക്കുന്നവരുടെ കൈപൊള്ളുമെങ്കിലും മറ്റുള്ളവർക്ക് മോഹനസുന്ദരമായ, ജാജ്വലമായ കോർപ്പറേറ്റ് വേദി, അങ്ങനെയൊന്നുണ്ടെന്ന തോന്നൽ പോലും ഉളവാക്കുന്നില്ല. *(തുടരും)*